**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 201** **24-06-2024 - ൽ മറുപടിയ്ക്ക്**

**കശുവണ്ടി മേഖലയുടെ സമഗ്ര വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ജോയി,<br>ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ എം മുകേഷ്** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ കശുവണ്ടി തൊഴിലാളികളുടെ ക്ഷേമവും ഈ മേഖലയുടെ സമഗ്ര വികസനവും മുന്നിൽക്കണ്ട് നടപ്പാക്കിവരുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | വിലയിരുത്തിയിട്ടുണ്ട്. കശുവണ്ടി വ്യവസായ മേഖലയിൽ മുൻ സർക്കാർ നടത്തിയ പ്രവർത്തനങ്ങളുടെ തുടർച്ചയായി പൊതു-സ്വകാര്യ മേഖലയിലെ കശുവണ്ടി ത്തൊഴിലാളികളുടെ ക്ഷേമത്തിനും ഈ മേഖലയുടെ സമഗ്ര വികസനത്തിനുമായി സർക്കാർ വിവിധ പ്രവർത്തനങ്ങൾ നടത്തുകയും നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരികയും ചെയ്യുന്നു.<br><br>കാഷ്യൂ കോർപ്പറേഷനിൽ നിന്ന് വിരമിച്ച 2021 വരെയുള്ള തൊഴിലാളികളുടെ ഗ്രാറ്റുവിറ്റി നൽകുന്നതിന് 20 കോടി രൂപയും 2021-22, 2022-23, 2023-24 വർഷങ്ങളിൽ ഫാക്ടറികളുടെ ആധുനികവൽക്കരണത്തിനും ഭാഗീക യന്ത്രവൽക്കരണത്തിനുമായി 5.45 കോടി രൂപയും 2021-22, 2022-23, 2023-24 വർഷങ്ങളിൽ ബ്രാൻഡ് ബിൽഡിംഗിനായി 1.76 കോടി രൂപയും സർക്കാർ കോർപ്പറേഷന് അനുവദിച്ചു നൽകിയിട്ടുണ്ട്. കൂടാതെ ഫാക്ടറികളുടെ ആധുനികവൽക്കരണത്തിനും ഭാഗീക യന്ത്രവൽക്കരണത്തിനുമായി 1.55 കോടി രൂപയും ബ്രാൻഡ് ബിൽഡിംഗിനായി 1.50 കോടി രൂപയും 2024-25വർഷത്തിലെ ബഡ്ജറ്റിൽ വകയിരുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>കശുവണ്ടി വികസന കോർപ്പറേഷൻ തൊഴിലാളികൾക്കുള്ള തനത് വെൽഫയർ സ്കീമിൽ നിന്നും തൊഴിലാളികളുടെയും അവരുടെ കുട്ടികളുടെയും ക്ഷേമം ലക്ഷ്യമിട്ട് ചുവടെ പറയുന്ന ആനുകൂല്യങ്ങളും നൽകി വരുന്നു.<br><br>1.SSLC/+2 പരീക്ഷകളിൽ എല്ലാ വിഷയങ്ങൾക്കും A+ വാങ്ങുന്ന കുട്ടികൾക്ക് മികവ് പദ്ധതിയിൽ |

ഉൾപ്പെടുത്തി 5000/- രൂപ ക്യാഷ് അവാർഡ് നൽകുന്നു.

2. പ്രസ്തുത കോഴ്സുകളിൽ ആദ്യത്തെ 10 സ്ഥാനങ്ങളിൽ വരുന്ന കുട്ടികൾക്ക് 1000/- രൂപ ക്യാഷ് അവാർഡ്.

3. പ്രസ്തുത കോഴ്സുകളിൽ SC/STവിഭാഗങ്ങളിൽ നിന്നും വിജയം നേടുന്ന ആദ്യത്തെ 5 പേർക്ക് 1000/- രൂപ വീതം ധനസഹായം.

4. MBBS കോഴ്സിന് പഠിക്കുന്ന കുട്ടികൾക്ക് പഠന സഹായമായി 5 വർഷങ്ങളിലായി 25000/-രൂപ

5.എഞ്ചിനീയറിംഗ് കോഴ്സിന് IIT/NIT എന്നിവിടങ്ങളിൽ പഠിക്കുന്ന കുട്ടികൾക്ക് പഠന സഹായമായി ഓരോ വർഷവും 5000/- രൂപ

6. ESIൽ നിന്നും പ്രസവാനുകൂല്യം ലഭിക്കാത്ത തൊഴിലാളികൾക്ക് മെറ്റേണിറ്റി ബെനിഫിറ്റായി 2000/- രൂപ

7.തൊഴിലാളികളുടെ മരണാനന്തര ചെലവിനായി 5000/- രൂപ.

8. ബിരുദ/ ബിരുദാനന്തര കോഴ്സുകൾക്ക് ഒന്നാം റാങ്ക് വാങ്ങുന്ന കുട്ടികൾക്ക് 5000/- രൂപ

9.വിധവകളുടെ ഒരു മകളുടെ ആദ്യ വിവാഹത്തിന് 2000/- രൂപ.

നിലവിലുള്ള പ്രോസസിംഗ് സംവിധാനത്തിന് സമാന്തരമായി കാഷ്യൂ കോർപ്പറേഷന്റെ തെരഞ്ഞെടുത്ത 4 ഫാക്ടറികളിൽ Fully mechanized processing ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. പ്രോസ്സസിംഗ് വിഭാഗത്തിൽ വരുന്ന ഷെല്ലിംഗ്, പീലിംഗ്, ഗ്രേഡിംഗ് സെക്ഷനുകളിൽ പുതുതായി 535 തൊഴിലാളികളെ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം നിയമിച്ചിട്ടുണ്ട്.

കാപ്പക്സിന് 2021–22 സാമ്പത്തിക വർഷം അനുവദിച്ച 957 ലക്ഷം രൂപ ഉപയോഗിച്ച് തൊഴിലാളികൾക്ക് 2016-2020 വരെയുള്ള ഗ്രാറ്റുവിറ്റി വിതരണം ചെയ്തു. ആധുനികവൽക്കരണം, ബ്രാന്റ് വികസനം എന്നിവയ്ക്കായി 2022-23 സാമ്പത്തിക വർഷം 146.50 ലക്ഷം രൂപയും 2023-24 വർഷം 76.86 ലക്ഷം രൂപയും കാപ്പക്സിന് നൽകി. 2024-25 വർഷത്തേക്ക് പദ്ധതി തുകയായി ആധുനികവൽക്കരണത്തിന് 250 ലക്ഷത്തിനും, ബ്രാന്റ് വികസനത്തിന് 50

ലക്ഷത്തിനും ഭരണാനുമതി നൽകിയിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം 179 ഉം 2022-23 ൽ 93 ഉം 2023-24 ൽ 156 ഉം തൊഴിൽദിനങ്ങൾ കാപ്പക്സ് നൽകിയിട്ടുണ്ട്. 2024-25 വർഷം ഇതുവരെ 47 തൊഴിൽ ദിനങ്ങൾ നൽകി. കൂടാതെ ഈ സർക്കാർ വന്നതിനു ശേഷം സ്വകാര്യ മേഖലയിൽ തൊഴിലില്ലാതിരുന്ന 250 തൊഴിലാളികളെ കാപ്പെക്സിന്റെ ഫാക്ടറികളിൽ നിയമിക്കുകയുണ്ടായി. തൊഴിലാളികൾക്ക് മുടക്കമില്ലാതെ പി.എഫ്, ഇ.എസ്.ഐ ക്ഷേമനിധി ഉൾപ്പടെയുള്ള വേതനം, ബോണസ്സ് തുടങ്ങി എല്ലാ ആനുകൂല്യങ്ങളും കാഷ്യൂ കോർപ്പറേഷനും കാപ്പെക്സിനും നൽകി വരുന്നു. സർക്കാർ ഏർപ്പെടുത്തിയ തൊഴിൽ വകുപ്പിന്റെ സുരക്ഷാ അവാർഡ്, മികച്ച തൊഴിലാളിയ്ക്കുള്ള തൊഴിൽ ശ്രേഷ്ഠ അവാർഡ് എന്നിവ തുടർച്ചയായി കാപ്പെക്സ് ഫാക്ടറികൾ കരസ്ഥമാക്കിയിട്ടുണ്ട്. 2024-25 വർഷം ചുരുങ്ങിയത് 200 തൊഴിൽ ദിനങ്ങൾ കാപ്പക്സ് ലക്ഷ്യമിടുന്നു. 2021-22 ൽ 63.15 കോടി രൂപയുടേയും 2022-23 ൽ 53.82 കോടി രൂപയുടേയും 2023-24 ൽ 54.37 കോടി രൂപയുടേയും വിറ്റുവരവ് കാപ്പക്സ് നേടുകയുണ്ടായി.

സംസ്ഥാനത്ത് കശുവണ്ടി വ്യവസായം പുനരുജ്ജീവിപ്പിക്കുന്നതിനും തോട്ടണ്ടിയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുമായി രൂപീകരിച്ച കശുമാവ് കൃഷി വികസന ഏജൻസി വഴി അത്യുൽപാദനശേഷിയുള്ള മേൽത്തരം കശുമാവ് ഗ്രാഫ്റ്റുകൾ കൃഷിയിൽ തൽപ്പരരായ കർഷകരെ കണ്ടെത്തി സൗജന്യമായി വിവിധ പദ്ധതികളിലൂടെ ടി ഏജൻസി മുഖാന്തിരം നൽകി വരുന്നു.

കശുമാവ് കൃഷി വികസന ഏജൻസിയ്ക്ക് 2020-21ൽ 350 ലക്ഷം രൂപയും 2021-22 സാമ്പത്തിക വർഷം 495.8 ലക്ഷം രൂപയും 2022-23-ൽ 186.46 ലക്ഷം രൂപയും 2023-24 സാമ്പത്തിക വർഷം 215.49 ലക്ഷം രൂപയും സർക്കാർ സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷം 650 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തുകയും ആയതിന് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. വരും വർഷങ്ങളിൽ താലൂക്ക് തലത്തിൽ കെ.എസ്.എ.സി.സി കർഷക കൂട്ടായ്മ രൂപീകരിച്ച് തോട്ടണ്ടി സംഭരണം ലക്ഷ്യമിടുന്നു. അതിലൂടെ ഇടനിലക്കാരെ ഒഴിവാക്കി കശുവണ്ടിയ്ക്ക് ന്യായവില ലഭ്യമാകുന്നതാണ്.

കാഷ്യൂ കോർപ്പറേഷനും കാപ്പക്സിനും ആവശ്യമായ തോട്ടണ്ടി ലഭ്യമാക്കുന്നതിനായി രൂപീകരിച്ച കേരള

| | | | |
|---|---|---|---|
| | | | കാഷ്യൂ ബോർഡ് 2018-19 മുതൽ നാളിതുവരെയായി 74975.698 മെട്രിക് ടൺ തോട്ടണ്ടി വിവിധ ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നും ഇറക്കുമതി ചെയ്തു നൽകിയിട്ടുണ്ട്. ഇതിനായി നാളിതുവരെയായി 252.50 കോടി രൂപ സർക്കാർ സഹായം നൽകിയിട്ടുള്ളതും 2024-25 സാമ്പത്തിക വർഷം 40.81 കോടി രൂപ ബജറ്റിൽ വകയിരുത്തി ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.<br><br>2024-25 വർഷത്തിൽ തൊഴിലാളികൾക്ക് തൊഴിൽ ഉറപ്പുവരുത്താനായി 10,000 മെട്രിക് ടൺ തോട്ടണ്ടി ഘാനയിൽ നിന്നും ഐവറികോസ്റ്റിൽ നിന്നും ഇറക്കുമതി ചെയ്യാൻ ധാരണയിൽ എത്തിയിട്ടുള്ളതും നാളിതുവരെ 8192.490 മെട്രിക് ടൺ തോട്ടണ്ടി എത്തിയിട്ടുള്ളതുമാണ്. ഇത് കൂടാതെ ഈ സാമ്പത്തിക വർഷം ഗിനി-ബിസ്സാവുവിൽ നിന്നും 5,000 മെട്രിക് ടൺ തോട്ടണ്ടിയും സെനഗലിൽ നിന്നും 3000 മെട്രിക് ടൺ തോട്ടണ്ടിയും ഇറക്കുമതി ചെയ്യാൻ ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്തെ കശുവണ്ടി വ്യവസായ മേഖലയിലെ തൊഴിലാളികളുടെ കുറഞ്ഞ കൂലി പുതുക്കി നിശ്ചയിക്കുന്നതിനായി രൂപീകരിച്ച മിനിമം വേജസ് കമ്മിറ്റിയുടെ റിപ്പോർട്ട് പരിഗണിച്ച് കശുവണ്ടി തൊഴിലാളികൾക്ക് നൽകേണ്ടതായ കുറഞ്ഞ കൂലി 23% വർദ്ധിപ്പിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത മേഖലയിലെ സ്വകാര്യ വ്യവസായികൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ അറിയിക്കുമോ; | (ബി) | സ്വകാര്യ കശുവണ്ടി വ്യവസായ മേഖലയിൽ മുൻ സർക്കാർ പ്രഖ്യാപിച്ച പുനരുദ്ധാരണ പാക്കേജിന്റെ ഭാഗമായി 'ഒറ്റത്തവണ തീർപ്പാക്കൽ' (OTS) പദ്ധതി നടപ്പിലാക്കി ഈ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും അക്കൗണ്ട് ഹോൾഡർമാർ ബാങ്കുകളുമായി കരാറിൽ ഏർപ്പെട്ട് തുടർ നടപടികൾ സ്വീകരിക്കേണ്ട തീയതി 31/03/2022 -ൽ നിന്നും വിവധ ഘട്ടങ്ങളിലായി 31/12/2024 വരെയാക്കി ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | ഈ മേഖല നിലവിൽ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങളും പ്രതിസന്ധികളും പഠനവിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (സി) | ഉണ്ട്. കശുവണ്ടി വ്യവസായ മേഖല നിലവിൽ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങളും പ്രതിസന്ധികളും പഠന വിധേയമാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ കശുവണ്ടി വ്യവസായ മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും പ്രതിസന്ധികളും പഠിക്കുന്നതിനും മേഖലയുടെ സമഗ്ര വികസനം ഉറപ്പുവരുത്തുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുന്നതിനായി അഞ്ചംഗ വിദഗ്ധ സമിതി സർക്കാർ രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മിറ്റി, കശുവണ്ടി മേഖലയുടെ പുനരുജ്ജീവനത്തിനായി ഒരു |

| | | | |
|---|---|---|---|
| | | | ഇടക്കാല റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ കശുവണ്ടി മേഖലയുടെ പുനരുജ്ജീവന ത്തിനായി 2022-23 ലെ ബജറ്റിൽ പദ്ധതികൾ പ്രഖ്യാപിച്ച് നടപ്പിലാക്കിയിരുന്നു.<br><br>ഇതിന്റെ ഭാഗമായി സ്വകാര്യ കശുവണ്ടി മേഖലയ്ക്കായി "Scheme for Assistance for Capital grants and Interest Subvention to small and medium Cashew Factory units for rebuilding lost Livelihood" പദ്ധതിക്ക് 700 ലക്ഷം രൂപ 2022-23 സാമ്പത്തിക വർഷം വകയിരുത്തിയതിൽ നിന്നും 2,25,89,000/- രൂപ വ്യവസായ വാണിജ്യ ഡയറക്ടർക്ക് വിതരണം ചെയ്തിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിക്കായി അനുവദിച്ച 100 ലക്ഷം രൂപയിൽ 43.53 ലക്ഷം രൂപ കൊല്ലം, കാസറഗോഡ്, തിരുവനന്തപുരം ജില്ലാ വ്യവസായ കേന്ദ്രങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ Continued Operation Linked Stimulus Programme – 20 കോടി രൂപയും Women friendly Physical Infra creation / upgradation – 5 കോടി രൂപയും, Modernization/Upgradation of Shelling Units – 5 കോടി രൂപയും അനുവദിക്കണമെന്ന കമ്മിറ്റിയുടെ ശിപാർശ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. വിദഗ്ധ സമിതിയുടെ അന്തിമ റിപ്പോർട്ട് സർക്കാരിൽ ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ